"ഭരണഭാഷ-മാതൃഭാഷ"

6755
15/6/20

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ഇ.ജി.എസ്) മിഷനിൽ അഡീഷണൽ മിഷൻ ഡയറക്ടർ തസ്തിക താൽക്കാലികമായി സൃഷ്ടിച്ച് ശ്രീ.എൽ.പി.ചിത്തറിന്റെ 2/8/2019ലെ കരാർ നിയമനം റീ എംപ്ലോയ്മെന്റായി കണക്കാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്

സ.ഉ.(എം.എസ്) നം.95/2020/ത.സ്വ.ഭ.വ — തിരുവനന്തപുരം, തീയതി, 12.06.2020.

പരാമർശം:
1) സ.ഉ.(സാധാ)നം.811/2019/തസ്വഭവ തീയതി 05.04.2019.
2) സ.ഉ.(സാധാ)നം.1654/2019/തസ്വഭവ തീയതി 01.08.2019.
3) സ.ഉ.(സാധാ)നം.2390/2019/തസ്വഭവ തീയതി 28.10.2019.

## ഉത്തരവ്

ഗ്രാമവികസന വകുപ്പിലെ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ ആയിരുന്ന ശ്രീ.എൽ.പി.ചിത്തറിന് എം.ജി.എൻ.ആർ.ഇ.ജി.എസ്. മിഷൻ ഡയറക്ടറുടെ പൂർണ്ണ അധികച്ചുമതല പരാമർശം 1 പ്രകാരം നൽകിയിരുന്നു. 31.07.2019-ൽ ടിയാൻ വിരമിച്ചതിനെത്തുടർന്ന്, ടിയാന്റെ സേവനം മിഷന്റെ വിജയകരമായ പ്രവർത്തനങ്ങളുടെ തുടർച്ചയ്ക്ക് സഹായകരമാകുമെന്നതിനാൽ, പരാമർശം 2 പ്രകാരം ടിയാനെ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. ടിയാനെ നിയമിച്ച തസ്തിക, വേതനം, കരാർ വ്യവസ്ഥകൾ എന്നിവ പിന്നീട് നിർണ്ണയിക്കുന്നതാണെന്ന് നിയമന ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. ശ്രീ.ചിത്തർ 02.08.2019 മുതൽ കരാറടിസ്ഥാനത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എസ്. മിഷനിൽ തുടർന്നുവരുന്നു. ശ്രീ.എൽ.പി.ചിത്തറിനെ നിയമിച്ച തസ്തിക അഡീഷണൽ മിഷൻ ഡയറക്ടർ എന്ന് വ്യക്തമാക്കി പരാമർശം 3 പ്രകാരം ഉത്തരവായിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷനിൽ അഡീഷണൽ മിഷൻ ഡയറക്ടറുടെ തസ്തിക ഒരു വർഷത്തേക്ക് താൽക്കാലികമായി സൃഷ്ടിച്ച്, ശ്രീ.എൽ.പി.ചിത്തർ അവസാനം വാങ്ങിയ വേതനത്തിൽ നിന്നും അടിസ്ഥാന പെൻഷൻ കുറയ്ക്കുന്ന തുകയായ 54,821/- രൂപ (95000-40179) അടിസ്ഥാന ശമ്പളത്തിൽ, 19.10.2016-ലെ G.O.(P) No.159/2016/Fin ഉത്തരവിലെ വ്യവസ്ഥകൾക്കനുസരിച്ച് ആനുകൂല്യങ്ങൾ നൽകി, വേതനവും ആനുകൂല്യങ്ങളും,എം.ജി.എൻ.ആർ.ഇ.ജി.എസ്.ഭരണച്ചെലവുകളിൽ (100% കേന്ദ്രഫണ്ട്) നിന്നും നൽകണമെന്ന വ്യവസ്ഥയിൽ, കെ.എസ്.ആർ. പാർട്ട് III, റൂൾ 99 & 100 പ്രകാരം ടിയാന്റെ 02.08.2019-ലുള്ള കരാർ നിയമനം റീഎംപ്ലോയ്മെന്റായി കണക്കാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദാ മുരളീധരൻ
പ്രിൻസിപ്പൽ സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ശ്രീ.എൽ.പി.ചിത്തർ, അഡീഷണൽ മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്(ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ.
പൊതുഭരണ എസ്.സി വകുപ്പിന്(10/6/2020ലെ ഇനം.നം.4043 പ്രകാരം)
ധനകാര്യ വകുപ്പ്(6/4/2020 ലെ DEV-1/266/2019-FIN പ്രകാരം)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

-28-

രഹസ്യം

# കേരള സർക്കാർ

56)

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-06-2020

ഫയൽ നം. തസ്വഭവ-ഇആർഎ3/155/2019-തസ്വഭവ. ഇനം നം: 4043

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - എം.ജി.എൻ.ആർ.ഇ.ജി.എസ്.-ൽ ഒരു വർഷത്തേക്ക് താൽക്കാലിക അടിസ്ഥാനത്തിൽ അഡീഷണൽ മിഷൻ ഡയറക്ടറുടെ തസ്തിക സൃഷ്ടിച്ച്, ശ്രീ. എൽ. പി. ചിത്തറിന്റെ കരാർ നിയമനം 02.08.2019 മുതൽ ഒരു വർഷത്തേയ്ക്ക് റീഎംപ്ലോയ്മെന്റായി കണക്കാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

# കേരള സർക്കാർ
# (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നം. | : | തസ്വഭവ-ഇആർഎ 3/155/2019-തസ്വഭവ |
| 2 | വകുപ്പ് | : | തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ് |
| 3 | വിഷയം | : | എം.ജി.എൻ.ആർ.ഇ.ജി.എസ്.-ൽ ഒരു വർഷത്തേക്ക് താൽക്കാലിക അടിസ്ഥാനത്തിൽ അഡീഷണൽ മിഷൻ ഡയറക്ടറുടെ തസ്തിക സൃഷ്ടിച്ച്, ശ്രീ.എൽ.പി.ചിത്തറിന്റെ കരാർ നിയമനം 02.08.2019 മുതൽ ഒരു വർഷത്തേയ്ക്ക് റീഎംപ്ലോയ്മെന്റായി കണക്കാക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി. | : | 18.02.2020 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | :<br>: | ഉണ്ട്<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ: ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.ആർ.എസ്.കണ്ണൻ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി ശാരദാ മുരളീധരൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 01.06.2020 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 04.06.2020 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.എ.സി.മൊയ്തീൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 04.06.2020 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 08.06.2020 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1. എം.ജി.എൻ.ആർ.ഇ.ജി.എസ്.-ൽ ഒരു വർഷത്തേക്ക് താൽക്കാലിക അടിസ്ഥാനത്തിൽ അഡീഷണൽ മിഷൻ ഡയറക്ടറുടെ തസ്തിക സൃഷ്ടിച്ച്, ശ്രീ.എൽ.പി.ചിത്തറിന്റെ കരാർ നിയമനം 02.08.2019 മുതൽ ഒരു വർഷത്തേയ്ക്ക് റീഎംപ്ലോയ്മെന്റായി കണക്കാക്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പിലെ വിഷയം.

2. ഗ്രാമവികസന വകുപ്പിലെ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ ആയിരുന്ന ശ്രീ.എൽ.പി.ചിത്തറിന് എം.ജി.എൻ.ആർ.ഇ. ജി.സ്. മിഷൻ ഡയറക്ടറുടെ പൂർണ്ണ അധികച്ചുമതല 05.04.2019-ലെ സ.ഉ.(സാധാ) നം.811/2019/തസ്വഭവ ഉത്തരവ് പ്രകാരം നൽകിയിരുന്നു. 31.07.2019-ൽ ടിയാൻ വിരമിച്ചതിനെത്തുടർന്ന്, ടിയാന്റെ സേവനം മിഷന്റെ വിജയകരമായ പ്രവർത്തനങ്ങളുടെ തുടർച്ചയ്ക്ക് സഹായകരമാകുമെന്നതിനാൽ, 01.08.2019-ലെ സ.ഉ.(സാധാ) നം.1654/2019/തസ്വഭവ ഉത്തരവ് പ്രകാരം ടിയാനെ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. ടിയാനെ നിയമിച്ച തസ്തിക, വേതനം, കരാർ വ്യവസ്ഥകൾ എന്നിവ പിന്നീട് നിർണ്ണയിക്കുന്നതാണെന്ന് നിയമന ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. ശ്രീ.ചിത്തർ 02.08.2019 മുതൽ കരാറടിസ്ഥാനത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എസ്. മിഷനിൽ തുടർന്നുവരുന്നു. 28.10.2019-ലെ സ.ഉ.(സാധാ) നം.2390/2019/തസ്വഭവ ഉത്തരവ് പ്രകാരം ശ്രീ.എൽ.പി.ചിത്തറിനെ നിയമിച്ച തസ്തിക അഡീഷണൽ മിഷൻ ഡയറക്ടർ എന്ന് വ്യക്തമാക്കി ഉത്തരവായിരുന്നു.

3. മേൽ ഉത്തരവുകൾ പ്രകാരം ശ്രീ.എൽ.പി.ചിത്തറിനെ എം.ജി.എൻ.ആർ.ഇ.ജി.എസ്.-ൽ അഡീഷണൽ മിഷൻ ഡയറക്ടർ തസ്തികയിൽ കരാർ വ്യവസ്ഥയിൽ നിയമിച്ചത് സംബന്ധിച്ച് ധനകാര്യ വകുപ്പ് ചുവടെ ചേർക്കും വിധം അഭിപ്രായപ്പെട്ടിരുന്നു.

"MGNREGS സംസ്ഥാന മിഷൻ ഡയറക്ടറുടെ അധിക ചുമതല വഹിച്ചു വന്നിരുന്ന അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ (റിട്ട.) ശ്രീ.എൽ.പി.ചിത്തറിന്റെ സേവനം മിഷന് തുടർന്നും ഉറപ്പാക്കുന്നതിനായി ടിയാനെ മിഷനിൽ നിയമിക്കുന്നതിന് ഭരണ വകുപ്പ് തത്വത്തിൽ

തീരുമാനിച്ച് പുറപ്പെടുവിച്ച 01.08.2019-ലെ സ.ഉ.(സാധാ)നം.1654/2019/ തസ്വഭവ, 28.10.2019-ലെ സ.ഉ.(സാധാ)നം.2390/2019/തസ്വഭവ നമ്പർ ഉത്തരവുകൾ MGNREGS-ൽ അഡീഷണൽ മിഷൻ ഡയറക്ടർ തസ്തിക സൃഷ്ടിച്ച ഉത്തരവുകളായി കണക്കാക്കാൻ കഴിയില്ല. MGNREGS ഗൈഡ് ലൈൻ പ്രകാരം പരിശോധിച്ച്, തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പാലിച്ച്, സംസ്ഥാന മിഷനിൽ അഡീഷണൽ മിഷൻ ഡയറക്ടർ തസ്തിക 1 വർഷത്തേയ്ക്ക് താൽക്കാലികമായി സൃഷ്ടിക്കുന്നത് സംബന്ധിച്ചും പ്രസ്തുത തസ്തികയിൽ ശ്രീ.എൽ.പി.ചിത്തറിനെ കരാറടിസ്ഥാനത്തിൽ/റീ എംപ്ലോയ്മെന്റ് വ്യവസ്ഥയിൽ നിയമിക്കുന്നത് സംബന്ധിച്ചും ഭരണ വകുപ്പിന് തീരുമാനമെടുക്കാവുന്നതും, ഇതിൽ അന്തർ ഭവിച്ചിട്ടുള്ള നടപടിക്രമങ്ങളുടെ ഭാഗമായി ഭരണ വകുപ്പിന് ധനവകുപ്പിന്റെ അഭിപ്രായം തേടാവുന്നതുമാണ്.

ഇതിന് ബഹു. ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്."

4. MGNREGA പദ്ധതി സംബന്ധിച്ച് കേന്ദ്ര സർക്കാർ 2013-ൽ പുറത്തിറക്കിയിട്ടുള്ള ഓപറേഷനൽ ഗൈഡ് ലൈൻ ഖണ്ഡിക 2.4-ൽ പദ്ധതിയുടെ സംസ്ഥാനതല ചുമതലയും ഉത്തരവാദിത്തവും സംബന്ധിച്ച് വിശദീകരിച്ചിട്ടുണ്ട്. മാർഗ്ഗരേഖയുടെ ഖണ്ഡിക 2.4.2(iv) പ്രകാരം "Set up a State level MGNREGS implementation agency/ mission with adequate number of high calibre professionals" എന്നത് സംസ്ഥാന സർക്കാരിന്റെ ചുമതലയാണ്. സ്റ്റേറ്റ് മിഷനിലെ തസ്തികകൾ സംബന്ധിച്ച് വിശദീകരിക്കുന്ന മാർഗ്ഗരേഖയിലെ ഖണ്ഡിക 4.5.1-ൽ അഡീഷണൽ മിഷൻ ഡയറക്ടർ എന്ന തസ്തിക ഉൾപ്പെടുന്നില്ലെങ്കിലും ഖണ്ഡിക 4.5.1 iii ഇപ്രകാരം വിശദമാക്കുന്നു. State Employment Guarantee Mission will have adequate operational flexibility, including fixing of compensation at market rates so as to attract the best talent, and formulate a sensitive and impartial HR policy to recruit and retain a team of committed experts and accordingly, establish a professional State Management Team (SMT). The composition of such a SMT may change over time in response to the local and evolving needs. ശ്രീ.എൽ.പി.ചിത്തറുടെ തുടർ സേവനം തൊഴിലുറപ്പ് മിഷൻ പ്രവർത്തനങ്ങളുടെ വിജയത്തിന് സഹായകരമാകുമെന്ന് വിലയിരുത്തുന്നതിനാൽ ധനകാര്യ വകുപ്പ് സൂചിപ്പിച്ചിട്ടുള്ള നടപടിക്രമം പാലിച്ച് ദേശീയ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷനിൽ അഡീഷണൽ മിഷൻ ഡയറക്ടർ തസ്തിക 1 വർഷത്തേയ്ക്ക് താൽക്കാലികമായി സൃഷ്ടിച്ച്

പ്രസ്തുത തസ്തികയിൽ ശ്രീ.എൽ.പി.ചിത്തറിനെ കരാറടിസ്ഥാനത്തിൽ/റീ എംപ്ലോയ്മെന്റ് വ്യവസ്ഥയിൽ നിയമിക്കാവുന്നതാണ്.

5. എം.ജി.എൻ.ആർ.ഇ.ജി.എസ്.-ന്റെ ഭരണപരമായ ചെലവുകൾ കേന്ദ്രഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനാൽ അഡീഷണൽ മിഷൻ ഡയറക്ടറുടെ തസ്തിക സൃഷ്ടിക്കുന്നതുമൂലം സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല. 3-ാം ഖണ്ഡികയിൽ ധന വകുപ്പ് നിർദ്ദേശിച്ചതിൻ പ്രകാരം ഈ വിഷയം വീണ്ടും ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി നൽകിയപ്പോൾ ആ വകുപ്പ് ചുവടെ ചേർക്കും വിധം അഭിപ്രായപ്പെട്ടിരുന്നു.

"MGNREGS സംസ്ഥാന മിഷനിൽ അഡീഷണൽ മിഷൻ ഡയറക്ടർ തസ്തിക ഒരു വർഷത്തേയ്ക്ക താല്ക്കാലികമായി സൃഷ്ടിച്ചതിന് ശേഷം, കെ.എസ്.ആർ. പാർട്ട് III റൂൾ 99 & 100 പ്രകാരമുള്ള റീ എംപ്ലോയ്മെന്റ് വ്യവസ്ഥയിൽ ശ്രീ. എൽ.പി.ചിത്തറിനെ മന്ത്രിസഭാ അംഗീകാരത്തോടെ നിയമിക്കാവുന്നതുമാണ്. ടിയാൻ അവസാനം വാങ്ങിയ വേതനത്തിൽ നിന്നും, അടിസ്ഥാന പെൻഷൻ കുറയ്ക്കുന്ന തുകയായ Rs.54821/- (95000-40179) അടിസ്ഥാന വേതനമായി നിശ്ചയിക്കാവുന്നതും, 19.10.2016-ലെ GO(P) No.159/2016/Fin ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി മറ്റ് ആനുകൂല്യങ്ങൾ നല്കാവുന്നതുമാണ്. ടിയാന്റെ ശമ്പളവും അലവൻസുകളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഭരണച്ചെലവുകളിൽ (100% കേന്ദ്ര ഫണ്ട്) നിന്നും വഹിക്കേണ്ടതാണ് എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു.

ഇതിന് ബഹു. ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്."

6. ശ്രീ.എൽ.പി.ചിത്തറിന്റെ സേവനം മിഷന് തുടർന്നും ഉറപ്പാക്കുന്നതിനായി ടിയാനെ മിഷനിൽ നിയമിക്കുന്നതിനായി പുറപ്പെടുവിച്ച 01.08.2019-ലെ സ.ഉ.(സാധാ) നം.1654/2019/തസ്വഭവ, 28.10.2019-ലെ സ.ഉ.(സാധാ) നം.2390/2019/തസ്വഭവ എന്നീ ഉത്തരവുകൾ എം.ജി.എൻ.ആർ.ഇ.ജി.എസ്.-ൽ അഡീഷണൽ മിഷൻ ഡയറക്ടർ തസ്തിക സൃഷ്ടിച്ച ഉത്തരവായി കണക്കാക്കുവാനാകില്ല. അതിനാൽ, ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ട പ്രകാരം എം.ജി.എൻ.ആർ.ഇ.ജി.എസ്.-ൽ അഡീഷണൽ മിഷൻ ഡയറക്ടറുടെ തസ്തിക ഒരു വർഷത്തേക്ക് താൽക്കാലികമായി സൃഷ്ടിച്ച്, 02.08.2019 മുതൽ കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.എൽ.പി.ചിത്തറിന്റെ

നിയമനം പുനർനിയമനമായി കണക്കാക്കി നിയമിക്കാവുന്നതാണ്. ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിരുന്നു.

## തീരുമാനിക്കുവാനുള്ള വിഷയം

എം.ജി.എൻ.ആർ.ഇ.ജി.എസ്.-ൽ അഡീഷണൽ മിഷൻ ഡയറക്ടറുടെ തസ്തിക ഒരു വർഷത്തേക്ക് താൽക്കാലികമായി സൃഷ്ടിച്ച്, ശ്രീ.എൽ.പി.ചിത്തർ അവസാനം വാങ്ങിയ വേതനത്തിൽ നിന്നും അടിസ്ഥാന പെൻഷൻ കുറയ്ക്കുന്ന തുകയായ 54,821/- രൂപ (95000-40179) അടിസ്ഥാന ശമ്പളത്തിൽ, 19.10.2016-ലെ G.O.(P) No.159/2016/Fin ഉത്തരവിലെ വ്യവസ്ഥകൾക്കനുസരിച്ച് ആനുകൂല്യങ്ങൾ നൽകി, വേതനവും ആനുകൂല്യങ്ങളും, എം.ജി.എൻ.ആർ.ഇ.ജി.എസ്. ഭരണച്ചെലവുകളിൽ (100% കേന്ദ്രഫണ്ട്) നിന്നും നൽകണമെന്ന വ്യവസ്ഥയിൽ, കെ.എസ്.ആർ. പാർട്ട് III, റൂൾ 99 & 100 പ്രകാരം ടിയാന്റെ 02.08.2019-ലുള്ള കരാർ നിയമനം റീഎംപ്ലോയ്മെന്റായി കണക്കാക്കാവുന്നതാണോ?

**GOVERNMENT OF KERALA**

**(SRI. PINARAYI VIJAYAN MINISTRY)**

**NOTE FOR THE COUNCIL OF MINISTERS**

| | | | |
|---|---|---|---|
| 1. | File No. | : | LSGD-ERA3/155/2019-LSGD |
| 2. | Department | : | Local Self Government (ERA) Department |
| 3. | Subject | : | Establishment - Creating a temporary post of Additional Mission Director for one year in MGNREGS and considering the contract appointment of Sri.L.P.Chither in the post on re-employment basis for one year w.e.f. 02.08.2019 - Regarding. |
| 4. | Date of Chief Minister's order for placing before the Council | : | 18.2.2020 |
| 5. | i. Does the case involve financial commitments/ implications<br>ii. If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | :<br>: | Yes<br>Yes |
| 6. | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | No |
| 7. | Name of Special Secretary who submitted the Draft Note | : | Sri.R.S.Kannan |
| 8. | Name of Principal Secretary who approved the Draft Note | : | Smt.Sarada Muraleedharan |
| 9 | Date of approval of the Draft Note for the Council by the Principal Secretary | : | 01.06.2020 |
| 10. | Name of Chief Secretary who approved the Draft Note | : | Dr. Vishwas Mehta |
| 11. | Date of approval of the Draft Note for the Council by the Chief Secretary | : | 04.06.2020 |
| 12. | Name of Minister who approved the Draft Note | : | Sri.A.C.Moideen |
| 13. | Date of approval of the Draft Note for the Council by the Minister | : | 04.06.2020 |
| 14. | Date of submission of fair copies | : | |
| 15. | Date of decision by the Council of Ministers | : | |
| 16. | Number and date of the G.O/letter communicating the decision | : | |

# <u>Notes for the Council of Ministers</u>

1. This note deals with the matter of creating a temporary post of Additional Mission Director, for one year, in MGNREGS and considering the contract appointment of Sri. L. P. Chither in the post on re-employment basis for one year with effect from 02.08.2019.

2. Sri. L. P. Chither, Additional Development Commissioner of Rural Development Department, has been put in full additional charge of Mission Director of MGNREGS as per GO(Rt) No.811/2019/LSGD dated 05.04.2019. Consequent to his retirement on 31.07.2019, the officer was appointed as per GO(Rt)No.1654/2019/LSGD dated 01.08.2019 on contract basis for one year, as his appointment would help in successful continuance of the schemes of the mission. At the time of appointment, it was ordered that the post, pay and conditions of contract would be fixed later. Sri. L. P. Chither has been continuing in MGNREGS mission on contract basis since 02.08.2019. As per GO(Rt)No.2390/2019/LSGD dated 28.10.2019, the post to which Sri. L. P. Chither was appointed has been specified as Additional Mission Director.

3. On the appointment of Sri. L. P. Chither, as per the Government Orders mentioned above, as Additional Mission Director in MGNREGS on contract basis, the Finance department has offered the following remarks.

"MGNREGS സംസ്ഥാന മിഷൻ ഡയറക്ടറുടെ അധിക ചുമതല വഹിച്ചു വന്നിരുന്ന അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ (റിട്ട.) ശ്രീ.എൽ.പി.ചിത്തറ◌ിന്റെ സേവനം മിഷന് തുടർന്നും ഉറപ്പാക്കുന്നതിനായി ടിയാനെ മിഷനിൽ നിയമിക്കുന്നതിന് ഭരണ വകുപ്പ് തത്വത്തിൽ തീരുമാനിച്ച് പുറപ്പെടുവിച്ച 01.08.2019-ലെ സ.ഉ. (സാധാ)നം.1654/2019/ തസ്വഭവ, 28.10.2019-ലെ സ.ഉ.

(സാധാ)നം.2390/2019/തസ്വഭവ നമ്പർ ഉത്തരവുകൾ MGNREGS-ൽ അഡീഷണൽ മിഷൻ ഡയറക്ടർ തസ്തിക സൃഷ്ടിച്ച ഉത്തരവുകളായി കണക്കാക്കാൻ കഴിയില്ല. MGNREGS ഗൈഡ് ലൈൻ പ്രകാരം പരിശോധിച്ച്, തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പാലിച്ച്, സംസ്ഥാന മിഷനിൽ അഡീഷണൽ മിഷൻ ഡയറക്ടർ തസ്തിക 1 വർഷത്തേയ്ക്ക് താൽക്കാലികമായി സൃഷ്ടിക്കുന്നത് സംബന്ധിച്ചും പ്രസ്തുത തസ്തികയിൽ ശ്രീ.എൽ.പി.ചിത്തറിനെ കരാറടിസ്ഥാനത്തിൽ/റീ എംപ്ലോയ്മെന്റ് വ്യവസ്ഥയിൽ നിയമിക്കുന്നത് സംബന്ധിച്ചും ഭരണ വകുപ്പിന് തീരുമാനമെടുക്കാവുന്നതും, ഇതിൽ അന്തർഭവിച്ചിട്ടുള്ള നടപടിക്രമങ്ങളുടെ ഭാഗമായി ഭരണ വകുപ്പിന് ധനവകുപ്പിന്റെ അഭിപ്രായം തേടാവുന്നതുമാണ്.

ഇതിന് ബഹു. ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്."

4. The role and responsibilities of the State Government has been explained in Para 2.4 of the operational guidelines of the MGNREG scheme issued in 2013 by the Central Government. As per Para 2.4.2(iv) of the guidelines "Set up a State level MGNREGS implementation agency/ mission with adequate number of high calibre professionals" is the responsibility of the State Government. Though the post of Additional Mission Director is not included in Para 4.5.1 of the guidelines where the details of posts in the State Mission is specified, Para 4.5.1(iii) is detailed as follows, State Employment Guarantee Mission will have adequate operational flexibility, including fixing of compensation at market rates so as to attract the best talent, and formulate a sensitive and impartial HR policy to recruit and retain a team of committed experts and accordingly, establish a professional State Management Team (SMT). The composition of such a SMT may change over time in response to the local and evolving needs. As it is perceived that the continuance of Sri. L. P. Chither would be helpful for the successful implementation of schemes of the mission, a post of Additional Mission Director in MGNREGS mission may be created temporarily for one year and Sri.

L. P. Chither may be appointed in the post on contract/re-employment basis as per the procedure noted by Finance Department.

5. As the administrative expenses of the MGNREGS are met from the central fund, no additional financial commitment would be incurred for the State Government in creating the post of Additional Mission Director. As suggested by the Finance department in Para 3, the matter was again brought before the Finance department and that department informed as follows:

"MGNREGS സംസ്ഥാന മിഷനിൽ അഡീഷണൽ മിഷൻ ഡയറക്ടർ തസ്തിക ഒരു വർഷത്തേയ്ക്ക് താല്ക്കാലികമായി സൃഷ്ടിച്ചതിന് ശേഷം, കെ.എസ്.ആർ. പാർട്ട് III റൂൾ 99 & 100 പ്രകാരമുള്ള റീ എംപ്ലോയ്മെന്റ് വ്യവസ്ഥയിൽ ശ്രീ. എൽ.പി.ചിത്തറിനെ മന്ത്രിസഭാ അംഗീകാരത്തോടെ നിയമിക്കാവുന്നതുമാണ്. ടിയാൻ അവസാനം വാങ്ങിയ വേതനത്തിൽ നിന്നും, അടിസ്ഥാന പെൻഷൻ കുറയ്ക്കുന്ന തുകയായ Rs.54821/- (95000-40179) അടിസ്ഥാന വേതനമായി നിശ്ചയിക്കാവുന്നതും, 19.10.2016-ലെ GO(P) No.159/2016/Fin ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി മറ്റ് ആനുകൂല്യങ്ങൾ നല്കാവുന്നതുമാണ്. ടിയാന്റെ ശമ്പളവും അലവൻസുകളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഭരണച്ചെലവുകളിൽ (100% കേന്ദ്ര ഫണ്ട്) നിന്നും വഹിക്കേണ്ടതാണ് എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു.

ഇതിന് ബഹു. ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്."

6. The Government Orders, GO(Rt)No.1654/2019/LSGD dated 01.08.2019 and GO(Rt) No.2390/2019/LSGD dated 28.10.2019, issued to ensure the continuance of Sri. L.P.Chither in the mission could not be considered as orders creating the post of Additional Mission Director in MGNREGS. Hence, as suggested by the Finance department, a post of Additional Mission Director may be created in MGNREGS temporarily for one year and Sri. L. P. Chither may be

appointed in the post considering his appointment on contract basis with effect from 02.08.2019 as appointment on re-employment. The Hon'ble Chief Minister has ordered to place the matter before the council of ministers.

## Point for Decision

Whether the post of Additional Mission Director may be created temporarily for one year in MGNREGS and the contract appointment of Sri. L. P. Chither may be considered as on re-employment with effect from 02.08.2019 as per Rule 99 & 100 of KSR Part II by fixing the Basic pay at Rs. 54821/- (95000-40179) which is obtained by reducing basic pension from his last drawn pay and with other admissible allowances as stipulated in GO(P) No.159/2016/Fin dated 19.10.2016, on condition that his pay and allowances should be met from the administrative expenses of MGNREGS (100% central fund)?